ANNUAL SUBCRIPTION Rs. 100



മലങ്കര ഓർത്തഡോക്സ് സ്വതന്ത്ര സുറിയാനി സഭയുടെ മുഖപത്രം

# തദ്ദേവൂസ്

"വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനു......." (യൂദാ:3)



Vol No. XIII | Issue No. 5 | 4 Pages | PUBLISHED FROM AMAYANNOOR - KOTTAYAM | 8 MAY 2017

## സാത്താൻ സേവ കേരളത്തിൽ വ്യാപകമാകുന്നു

തദ്ദേവൂസ്

**സാ**ത്താൻ ശക്തനാണ്. ദൈവമുമ്പാകെ വന്നു നിൽക്കുവാനും സംവാദം നടത്തുവാനും ദൈവത്തെപോലും പരീക്ഷിക്കുവാനും കഴിവുള്ളവനാണ്. ഈ ലോകവും അതിലുള്ളതും അവന്റെ കാൽക്കീഴിൽ അമർത്തുകയാണ് അവന്റെ ലക്ഷ്യം. സാത്താനെ നമസ്ക്കരിച്ചാൽ മായ ഇമ്പങ്ങൾ, സമ്പത്ത്, വീട്, കാറ് എന്നുവേണ്ട എല്ലാ സുഖങ്ങളും ആസ്വദിക്കാമെന്നുള്ളതാണ് വിശ്വാസം. ദൈവത്തിനും വേദപുസ്തകത്തിനും എതിരെയുള്ള പ്രവർത്തികൾക്കും വിശ്വാസങ്ങൾക്കും പ്രസക്തി നൽകി, ദൈവത്തിനു പകരം സാത്താനെ ആരാധിക്കുന്നു. വി. വേദപുസ്തകത്തിൽ തുപ്പുകയും, ചവിട്ടുകയും ചെയ്യുന്നു. ദൈവകല്പനകൾക്ക് എതിരായ കൊല ചെയ്യുക, വ്യഭിചാരം ചെയ്യുക, മോഷ്ടിക്കുക, എന്നിങ്ങനെയുള്ള പ്രമാണങ്ങൾ അനുഷ്ഠിക്കുന്നു. ആരാധനാലയത്തിൽ കൂട്ട ബലാത്സംഗം, പരസ്പരധാരണയോടെയും അല്ലാതെയും പരസ്യാ രാധനയുടെ ഭാഗമായി ശാരീരിക വേഴ്ചആരാധനാലയത്തിൽ നടത്തുന്നു. വസ്ത്രം കറുപ്പു നിറമാണെങ്കിൽ നന്ന്, പക്ഷേ, സാത്താന്റെ ആരാധനാലയം മുഴുവനും കറുപ്പു നിറത്തിലുള്ള തുണികൾകൊണ്ട് അലങ്കൃതമാണ്. ബലിപീഠം കറുപ്പ്! എത്രയും ഭീകരവും മ്ലേച്ഛവുമായ പ്രവൃത്തികൾ ചെയ്യണം, അതാണ് സാത്താനു കൂടുതൽ ഇഷ്ടം. ശരീരം മുറിച്ച് രക്തം ഒഴുക്കുക. സ്ത്രീകൾക്ക് പ്രത്യേക സമയത്തുവരുന്ന രക്തം വരെ ശേഖരിച്ച് ബലിപീഠത്തിൽ ഒഴിച്ച് സാത്താനെ പ്രതീപ്പെടുത്തുക. ഏവരും സാത്താന്റെ മക്കളും ആരാധകരുമായതിനാൽ രക്തബന്ധത്തിന് യാതൊരു പ്രസക്തിയും ഇവിടെ ഇല്ല.

ഗർഭിണികളെ ഭ്രൂണഹത്യ ചെയ്ത് അത് സാത്താന് സമർപ്പിക്കുക, ചാപിള്ള എന്നുപറഞ്ഞ് ചോരക്കുഞ്ഞുങ്ങളെ ബലി അർപ്പിക്കുക തുടങ്ങിയവ സാധാരണ സംഭവങ്ങളാണ്. ലഹരി, മയക്കുമരുന്നുകൾക്ക് അടിമകളായ ഇവർ സ്വയമായിട്ടും അറിയാതെയും ബലിവസ്തു ആകുന്നു. ഇത് വലിയ ഒരു നിഗൂഢതയാണ്. ചില ടി. വി. പരസ്യങ്ങളിലും കോമഡി ഷോകളിലും ഒക്കെ സാത്താന്റെ രൂപങ്ങളും ചിഹ്നങ്ങളും വരച്ചുവെച്ചിരിക്കുന്നത് ശ്രദ്ധിക്കുക. ഈ പ്രോഗ്രാമൊക്കെ സ്പോൺസർ ചെയ്യുന്നത് സാത്താൻ സഭയിലെ പ്രതിനിധികളാണ്. ഇവർ വലിയ പണക്കാരും സ്വാധീനമുള്ളവരുമാണ്. ഈ സംഗതികൾ എത്രയോ ആവർത്തി തദ്ദേവൂസ് എഴുതിയിട്ടുള്ളതാണ്. ഏറ്റവും കൂടുതൽ വികൃതികൾ, ഹീനപ്രവൃത്തികൾ നടക്കുന്നത് ആരാധനയുടെ മറവിലാണ്. തട്ടിപ്പുകാരുടെയും വെട്ടിപ്പുകാരുടെയും പീഡനക്കാരുടെയും കൊലപാതകികളുടെയും അവസാന അഭയസ്ഥാനം സാത്താൻ സഭയാണ്.

കേരളത്തെ സാത്താൻ സഭ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. സാത്താൻ സഭയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി പ്രമുഖരും പ്രശസ്തരുമായ വ്യക്തികൾ ഇന്റലിജൻസ് നിരീക്ഷണത്തിലാണെന്നും കേൾക്കുന്നു. ഉന്നതരായ പോലീസ് ഉദ്യോഗസ്ഥർ മുതൽ രാഷ്ട്രീയക്കാർ, നിരവധി ജനപ്രതിനിധികൾ, പ്രമുഖ വക്കീലന്മാർ, വിദേശ ബിസിനസ്സുകാരായ മലയാളികൾ, ധാരാളം സിനിമാ നടീനടന്മാർ, ചില ടിവി ചാനലുകൾ തുടങ്ങി ഒരു വൻനിര തന്നെ സാത്താൻ സഭയുടെ മുഖ്യധാരാ പ്രവർത്തകരായി നിലകൊള്ളുന്നു എന്നു വ്യക്തമാക്കുന്ന വസ്തുതകളാണ് കേരളത്തിൽ നടക്കുന്നത്. കേരളത്തിൽ പ്രത്യേകിച്ചും കൊച്ചിയിലും കോഴിക്കോടും പ്രവൃത്തിക്കുന്ന ഹോസ്പിറ്റലുകളിൽ നിരവധി ഡോക്ടർമാരും ഹോസ്പിറ്റൽ ഉടമകൾ ഉൾപ്പെടെ സാത്താൻ സഭയുമായി നേരിട്ടു ബന്ധങ്ങൾ ഉണ്ടെന്ന് നവമാദ്ധ്യമങ്ങളിലും പ്രചരിക്കുന്നു.

സാത്താൻ സഭയുടെ 'ഒരു റൗണ്ടിലുള്ള നക്ഷത്ര ചിഹ്നവും മുദ്ര'കളും 'നീറോ ക്രോസ്' (Cross of Nero) എവിടെയെങ്കിലും കാണാൻ ഇടയായാൽ നിസ്സാരമായി കാണരുത്. കാര്യങ്ങൾ ഗൗരവപൂർവ്വം കൈകാര്യം ചെയ്യാൻ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വേഗം അറിയിക്കുക. കാരണം നമ്മുടെ ഭാവി തലമുറയെ ഉന്മൂലനാശം നടത്താനാണ് സാത്താൻ സഭകൾ നിലനിൽക്കുന്നത്.

സാത്താൻ സഭാ നേതൃത്വം പല ഗൂഢതന്ത്രങ്ങളും പ്രയോഗങ്ങളും ജനങ്ങളെ ആകർഷിക്കുവാൻ ഉപയോഗിക്കുന്നു. സാമ്പത്തികമായി ഉയർന്നുനിൽക്കുന്ന വീടുകളിലെ വീർപ്പുമുട്ടി കഴിയുന്ന സ്ത്രീകൾക്കും അവിവാഹിതരായ പെൺകുട്ടികൾക്കും സാത്താൻ വർഷിപ്പ് ഒരു സ്വതന്ത്രലോകം വാഗ്ദാനം ചെയ്യുന്നു. അവിടെ എത്തുന്നവർക്ക് ലഹരിവസ്തുക്കളും സെക്സും ഇഷ്ടംപോലെ നൽകി ആവേശഭരിതരാക്കുന്നു. ലഹരി മരുന്നുകളും സെക്സും ഉപയോഗിച്ചു തുടങ്ങുന്ന ആരാധന പിന്നീട് ഒരു ആവേശവും തദ്വാരാ അതിന്റെ അഗാധങ്ങളിലേക്ക് ചെന്നുവീഴു

*(ശേഷം 2-ാം പേജിൽ)*

## അമയന്നൂർ സെന്റ് ജൂഡ് ദയറായിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾ മെയ് 6–7 തീയതികളിൽ

**വി**ശുദ്ധ യൂദാശ്ലീഹായുടെ പെരുന്നാൾ സെന്റ് ജൂഡ് ദയറായിൽ പൂർവ്വാധികം ഭംഗിയായി മെയ് 6, 7 എന്നീ തീയതികളിൽ കൊണ്ടാടുന്നു. 6-ാം തീയതി വൈകിട്ട് 5.30 ന് സന്ധ്യാപ്രാർത്ഥനയും പ്രസംഗവും, 7-ാം തീയതി വിശുദ്ധ കുർബ്ബാനയും ധൂപ പ്രാർത്ഥനയും നേർച്ച വിളമ്പും പതിവുപോലെ നടക്കുന്നതാണ്. വിശ്വാസികൾ ഏവരും നേർച്ചകാഴ്ചകളോടെ എത്തി അനുഗ്രഹം പ്രാപിക്കണം.



## സെന്റ് ജൂഡ് ദയറായിൽ പീഢാനുഭവവാര ശുശ്രൂഷകൾ നടത്തി

**അ**മയന്നൂർ സെന്റ് ജൂഡ് ദയറാ കത്തീഡ്രലിൽ പീഢാനുഭവവാര ശുശ്രൂഷകൾ ഏറ്റവും അനുഗ്രഹപ്രദമായി നടന്നു. അഭിവന്ദ്യ മാത്യൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രധാന കാർമ്മികത്വം വഹിച്ചു. ഞായർ, തിങ്കൾ, ചൊവ്വ എന്നീ തീയതികളിൽ സന്ധ്യാപ്രാർത്ഥനയോടനുബന്ധിച്ച് ധ്യാനപ്രസംഗങ്ങൾ നടന്നു. 12-ാം തീയതി ബുധനാഴ്ച 5 മണിക്ക് പെസഹാ വ്യാഴാഴ്ചയുടെ സന്ധ്യാപ്രാർത്ഥനയും രാത്രി നമസ്കാരവും വിശുദ്ധ കുർബ്ബാനയും നേർച്ചയും ഉണ്ടായിരുന്നു. 14-ാം തീയതി വെള്ളിയാഴ്ച 8 മണിക്ക് ദുഃഖവെള്ളിയുടെ ശുശ്രൂഷകൾ വളരെ ഭക്തിപുരസ്സരം ആചരിച്ചു. സ്ലീബാ വന്ദനവും ഫാ. ഷാജി പാറയിൽ ധ്യാനപ്രസംഗവും നടത്തി. നേർച്ച കഞ്ഞിയും മറ്റ് ആഹാരസാധനങ്ങളും ചില വിശ്വാസികൾ സ്വമനസ്സാ നൽകി. ദുഃഖശനിയാഴ്ച രാവിലെ 10 മണിക്ക് നമസ്കാരവും, തുടർന്ന് വിശുദ്ധ കുർബ്ബാനയും ലഘുഭക്ഷണവും ഉണ്ടായിരുന്നു. 15-ാം തീയതി ശനിയാഴ്ച വൈകിട്ട് 5 മണിക്ക് ഉയിർപ്പു പെരുന്നാളിന്റെ സന്ധ്യാപ്രാർത്ഥനയും രാത്രി നമസ്കാരവും ഉയിർപ്പിന്റെ പ്രഖ്യാപനവും, പ്രദക്ഷിണം, ഉയിർപ്പു പെരുന്നാൾ ശുശ്രൂഷ, വി. കുർബ്ബാന, ഭക്ഷണം എന്നിവയ്ക്കുശേഷം രാത്രി 10.30 ന് സമംഗളം പര്യവസാനിച്ചു.

**മഹാപുരോഹിത സന്ദേശം**

## ദൈവം എന്നെ കാത്തുകൊള്ളും അവൻ ശക്തനാണ്



**ക**ർത്താവിൽ വാത്സല്യമുള്ളവരെ,

**ഇ**ത് ഒരു വിശ്വാസമാണ്. ഈ വിശ്വാസം ശക്തമാകണം.അത് നമ്മെ കൂടുതൽ കൂടുതൽ ദൈവീക ചിന്തയിലേക്കും വിശ്വാസത്തിലേക്കും വളർത്തും. ദൈവം എന്നെ കൈവിടുകയില്ല. അവൻ എന്നെ കാത്തുകൊള്ളും എന്ന വിശ്വാസം ഒരു ജീവിതശൈലിയാക്കുമ്പോൾ ഏതു പ്രതിസന്ധികളും മുള്ളുകളും സഹിക്കുവാനുള്ള സഹനം ദൈവത്തിൽനിന്നും ലഭിക്കുന്നു.

മുള്ളുകൾ നിറഞ്ഞതാണ് ഈ ലോക ജീവിതം. നാലു വിരൽ നീളമുള്ള ഈ ലോക ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും മുള്ളുകളും സർവ്വസാധാരണമാണ്. അത് തരണം ചെയ്യുവാനും അതിജീവിക്കുവാനും ദൈവകൃപയും ദൈവസാന്നിദ്ധ്യവും അത്യാവശ്യമാണ്. ഏലിയ പ്രവാചകന് നാലുവശത്തുനിന്നും പ്രശ്നങ്ങൾ, മരണഭയം തുടങ്ങിയ പ്രതിസന്ധികൾ നേരിടേണ്ടി വന്നപ്പോൾ ദൈവമനുഷ്യനായ അദ്ദേഹത്തിനുപോലും നിരാശ ഉണ്ടായതായും ദൈവം ഇടപെടുന്നതായും നാം കാണുന്നു. ദൈവമക്കളെ സഹായിക്കുവാൻ തക്കസമയത്ത് ദൈവം ഇടപെടുക തന്നെ ചെയ്യും.

എന്റെ ദൈവം എന്നെ കാത്തുകൊള്ളുമെന്ന ശക്തമായ വിശ്വാസം നമ്മിൽ ഉണ്ടാവണം. പ്രതിസന്ധികളിൽ ചഞ്ചലരാവാതെ ദാവീദ് പറഞ്ഞതുപോലെ, "ഞാൻ എന്റെ കണ്ണ് പർവ്വതത്തിലേക്ക് ഉയർത്തും... എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച യഹോവയിൽനിന്നും വരുന്നു. അവൻ എന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. ഈ ശക്തമായ വിശ്വാസമാണ് ദാവീദിന്റെ വിജയഗാഥയുടെ രഹസ്യം.

ദൈവം എന്നെ കാത്തുകൊള്ളും, ഒരുനാളും കൈവിടില്ല എന്ന വിശ്വാസത്തിൽ ഉറച്ചുനിൽക്കുക. നമ്മുടെ വിശ്വാസം പാറപോലെ ഉറച്ചതാവട്ടെ! വഴുവഴുപ്പില്ലാതെ, ചാഞ്ചാടി നടക്കാതെ, യഹോവയിൽ ആശ്രയിക്കുക. "എന്റെ ഉള്ളമോ യഹോവയെ നോക്കി മൗനമായിരിക്കും. എന്റെ പ്രത്യാശ അവങ്കൽനിന്നു വരുന്നു" (സങ്കീ: 62:5). ഈ വചനങ്ങളാണ് ഒരു യഥാർത്ഥ ഭക്തന്റെ ഉള്ളിന്റെ ഉള്ളിൽനിന്നും വരേണ്ടത്. ബലവും ശക്തിയും ദൈവത്തിൽനിന്നുമുള്ളതാകയാൽ ദൈവാശ്രയ ബോധം നമ്മിൽ ശക്തിപ്പെട്ടു വരണം. ദൈവം എന്നെ സംരക്ഷിക്കുവാൻ സർവ്വശക്തനാണെന്നുള്ള വിശ്വാസം നമ്മിൽ ദൃഢമാകട്ടെ!

**കർത്താവിൽ നിങ്ങളുടെ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത**

മലങ്കര ഓർത്തഡോക്സ് സ്വതന്ത്ര സുറിയാനി സഭയുടെ മുഖപത്രം

# തദ്ദേവൂസ്

Vol : 13 Issue No. 4 8 MAY 2017

എഡിറ്റോറിയൽ

## "നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക"

നിനക്കു ഭൂമിയിൽ ദീർഘായുസ്സോടെ ഇരിപ്പാൻ നിന്റെ മാതാപിതാക്കളെ ബഹുമാനിക്കുക എന്നത് ദൈവത്തിന്റെ കല്പനയാണ്. ഈ കല്പന പാലിക്കുന്നവർ ദീർഘായുസ്സോടെ ഇരിക്കുമെന്നത് ഒരു വസ്തുതയുമാണ്. ദൈവകല്പന നിഷേധിക്കാതെ ജീവിതം അനുഗ്രഹപ്രദമാക്കുക.

ഈ അടുത്ത കാലത്ത് ഒരു സംഭവം വാട്സ് ആപ്പിൽ വായിക്കുകയുണ്ടായി. പ്രായമുള്ള ഒരു മനുഷ്യൻ ഹോട്ടലിൽ കയറി. വിളമ്പുകാരനായ ഹോട്ടൽ ഉടമ ഉടൻതന്നെ ഇലയിട്ടു ചോറ് വിളമ്പാനായി തുടങ്ങി. അപ്പോൾ അയാൾ ചോദിച്ചു, എത്രയാണ് ഊണിന്? മീൻ അടക്കം 50 രൂപ. മീൻ ഇല്ലാതെ 30 രൂപ എന്നു മറുപടി. വഴിപോക്കൻ തന്റെ മുഴിഞ്ഞ പോക്കറ്റിൽനിന്നും തപ്പിയെടുത്ത 10 രൂപ നീട്ടിക്കൊണ്ട് "ഇതേ ഉള്ളൂ എന്റെ കൈയ്യിൽ. അതിനുള്ളത് തന്നാൽ മതി. ഇന്നലെ ഉച്ചമുതൽ ഒന്നും കഴിച്ചിട്ടില്ല" എന്നു പറഞ്ഞു. അതു പറയുമ്പോഴേക്കും അയാളുടെ വാക്കുകൾ ഇടറിയിരുന്നു. ഹോട്ടലുകാരൻ എല്ലാം അയാൾക്ക് വിളമ്പിക്കൊടുത്തു. എന്നിട്ട് അയാൾ കഴിക്കുന്നതു നോക്കിയിരുന്നു. അയാളുടെ കണ്ണിൽനിന്നും കണ്ണുനീർ ചെറുതായി പൊടിയുന്നുണ്ടായിരുന്നു. അത് തുടച്ചുകൊണ്ട് കൊച്ചുകുട്ടിയെപ്പോലെ അയാൾ പതുക്കെ കഴിക്കുന്നത് കണ്ടപ്പോൾ അടുത്തിരുന്ന ആൾ ചോദിച്ചു... എന്തിനാ കരയുന്നത്? ചോദിച്ച ആളുടെ മുഖത്തേക്ക് അയാൾ നോക്കി കണ്ണു തുടച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു."എന്റെ കഴിഞ്ഞുപോയ ജീവിതം ഓർത്തു കരഞ്ഞു പോയതാ. മൂന്നുമക്കളാ എനിക്ക്. രണ്ട് ആണും ഒരു പെണ്ണും. മൂന്നുപേർക്കും നല്ല ജോലിയുണ്ട്. എനിക്ക് കിട്ടാതെ പോയ എല്ലാ സൗഭാഗ്യങ്ങളും ഞാൻ അവർക്ക് നൽകി. അതിനായി ഞാൻ നഷ്ടപ്പെടുത്തിയത് എന്റെ യൗവ്വനമായിരുന്നു. 28 വർഷത്തെ പ്രവാസജീവിതം. എല്ലാത്തിനും എനിക്ക് താങ്ങായിരുന്ന അവൾ നേരത്തെ എന്നെ തനിച്ചാക്കി അങ്ങ് പോയി. വീട് ഭാഗം വെയ്ക്കുന്നതുവരെ എന്നെ വലിയ കാര്യമായിരുന്നു, മക്കൾക്കും മരുമക്കൾക്കും. ഭാഗം വെക്കൽ കഴിഞ്ഞപ്പോൾ ഞാൻ ഒരു ഭാരമാകാൻ തുടങ്ങി. തൊട്ടതിനും പിടിച്ചതിനും എന്നെ കുറ്റപ്പെടുത്തും. ഞാൻ ഒരു വയസ്സനല്ലേ, ആ പരിഗണന തന്നുകൂടെ? തന്നില്ല. അവർ എല്ലാവരും ഉണ്ടിട്ടേ ഞാൻ ഉണ്ണാൻ ഇരിക്കൂ. എന്നാലും ഞാൻ കേൾക്കെ കുറ്റം പറയും. ഭക്ഷണമെല്ലാം കണ്ണുനീർ വീണ് ഉപ്പുരസമായിട്ടുണ്ടാകും. കഴിക്കുമ്പോൾ പേരക്കുട്ടികൾ വരെ എന്നോടു മിണ്ടാൻ വരില്ല. കാരണം, മിണ്ടുന്നതു കണ്ടാൽ മക്കൾ അവരോട് ദേഷ്യപ്പെടും. എപ്പോഴും അവർ പറയും, എങ്ങോട്ടെങ്കിലും ഇറങ്ങി പൊയ്ക്കൂടെ എന്ന്...മരുഭൂമിയിൽ ചോര നീരാക്കി ഉണ്ടാക്കിയ കാശിൽ ഉണ്ണാതെയും ഉറങ്ങാതെയും ഞാനും അവളും മിച്ചംവെച്ച കാശുകൊണ്ട് ഉണ്ടാക്കിയ വീടാ. മനസ്സ് സമ്മതിച്ചിരുന്നില്ല. പക്ഷേ ഇന്നലെ ഇറങ്ങിപ്പോന്നു. മരുമകളുടെ മാല ഞാൻ മോഷ്ടിച്ചെന്നു പറഞ്ഞ് മകൻ എന്നോട് ചൂടായി. തല്ലിയില്ല എന്നേയുള്ളൂ. പക്ഷേ ഇനിയും അവിടെ നിന്നാൽ അതും ഉണ്ടാകും. അച്ഛനെ തല്ലിയ മകൻ എന്ന പേരുദോഷം അവന് ഉണ്ടാകേണ്ടല്ലോ. മരിക്കാൻ ഭയമില്ല. അല്ലെങ്കിലും ഇനി ആർക്കുവേണ്ടിയാ ജീവിക്കേണ്ടത്?

അയാൾ ഭക്ഷണം മുഴുവനായി കഴിക്കാതെ എഴുന്നേറ്റു. തന്റെ കൈയ്യിലെ പത്തുരൂപ കടക്കാരന്റെ നേരെ നീട്ടി. കടക്കാരൻ അതുവാങ്ങാതെ "കൈയ്യിൽ വെച്ചുകൊള്ളൂ, എപ്പോൾ വേണമെങ്കിലും ഇങ്ങോട്ടു വരാം, നിങ്ങൾക്കുള്ള ഭക്ഷണം ഇവിടെ ഉണ്ടാകും" എന്നു പറഞ്ഞു. പക്ഷേ അയാൾ ആ പത്തുരൂപ അവിടെ വെച്ചുകൊണ്ട് പറഞ്ഞു, "നന്ദിയുണ്ട് നിങ്ങളുടെ നല്ല മനസ്സിന്. വെറുതെ കഴിച്ച് ശീലമില്ല. ഒന്നും കരുതരുത്. വരട്ടെ ഇനിയും കാണാം" എന്നു പറഞ്ഞു. അയാളുടെ സഞ്ചിയുമെടുത്ത് എങ്ങോട്ടെന്നില്ലാതെ അയാൾ നടന്നുപോയി...

ഇങ്ങനെ ഒരു സംഭവം വായിച്ചപ്പോൾ തന്നെ കണ്ണ് ഈറനണിഞ്ഞു. അപ്പോൾ അതു കാണുന്നവരോ? കുഞ്ഞിൻനാളിൽ അമ്മ പറയുന്നത് കേട്ടിട്ടുണ്ട്. "പഴുത്ത ഇല പൊഴിയുമ്പോൾ പച്ചില ചിരിക്കുമെന്ന്". എന്താണ്, എല്ലാ പച്ചിലയും ഒരിക്കൽ പഴുക്കുമെന്നും, അതു പൊഴിഞ്ഞുവീഴുമെന്നും ആരും ചിന്തിക്കാത്തത്? വൃദ്ധരായ മാതാപിതാക്കളുടെ കണ്ണുനീർ ഭവനങ്ങളിൽ വീഴരുത്. വീണാൽ അത് തീയാണ്. കുടുംബം ചാരമായിത്തീരുമെന്നുള്ള വസ്തുത ഓർമ്മിപ്പിക്കുന്നു.

## പാകിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്കുള്ള കള്ളക്കടത്തിന് പുതുവഴികൾ

**ചണ്ഡീഗഢ്:** പാകിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്കുള്ള കള്ളക്കടത്തിന് പുതുവഴികൾ ഉപയോഗിക്കുന്നതായി ബി.എസ്.എഫ്. പരമ്പരാഗത മാർഗ്ഗങ്ങൾ ഉപേക്ഷിച്ച് പഞ്ചാബ് അതിർത്തിയിലെ നവീനരീതിയിലുള്ള കള്ളക്കടത്തു സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും നടപടികൾ ശക്തമാക്കിയതായും ബി.എസ്.എഫ്. ഐ.ജി (പഞ്ചാബ്) മുകുൾ ഗോയൽ പറഞ്ഞു. പഞ്ചാബിൽ പുതിയ സർക്കാർ അധികാരമേറ്റതോടെയാണ് കള്ളക്കടത്തുകാരും പുതുവഴി തേടിത്തുടങ്ങിയത്.

നേരത്തെ വലിയ അളവിലുള്ള പാക്കറ്റുകളിലാണ് ഹെറോയിൻ ഉൾപ്പെടെയുള്ള മയക്കുമരുന്ന് ഇന്ത്യയിലേക്ക് കടത്തിയിരുന്നത്. എന്നാലിപ്പോൾ 250 ഗ്രാമിൽ താഴെയുള്ള ചെറിയ പാക്കറ്റുകളിലാക്കി രാത്രിയിൽ പാകിസ്ഥാനിൽനിന്ന് ഇന്ത്യൻ അതിർത്തിക്കുള്ളിലേക്ക് എറിഞ്ഞുകൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലുള്ള പ്രാദേശിക ഏജന്റുമാർ അവ ശേഖരിക്കുകയാണ് ചെയ്യുന്നതെന്നും ഐ.ജി. പറഞ്ഞു. ഇന്തോ-പാക് അതിർത്തിയിൽനിന്ന് ഈ വർഷം ഇതുവരെ 65.5 കിലോ ഗ്രാം ഹെറോയിൻ ബി.എസ്.എഫ്. പിടികൂടി. പിടികൂടപ്പെട്ടാൽ ഉണ്ടാകാവുന്ന വൻ നഷ്ടം കുറയ്ക്കുകയെന്ന തന്ത്രവും ചെറിയ പാക്കറ്റുകളിലാക്കിയുള്ള മയക്കുമരുന്നുകടത്തിനു പിന്നിലുണ്ട്. കൂടാതെ അതിർത്തിയോടു ചേർന്നുള്ള കുടിവെള്ള വിതരണ സംവിധാനങ്ങളും കള്ളക്കടത്തുകാർ മയക്കുമരുന്നു കടത്തിനു മറയാക്കുന്നുണ്ട്. അമൃത്സറിലെ അതിർത്തിപ്രദേശമായ ദാവോകിൽ കുടിവെള്ള വിതരണത്തിനുള്ള പി.വി.സി. പൈപ്പുകൾ ഇത്തരത്തിൽ ദുരുപയോഗം ചെയ്യുന്നുണ്ട്. ലസ്സിയെന്നു തോന്നിപ്പിക്കുംവിധം പ്ലാസ്റ്റിക് കുപ്പികളിൽ ഹെറോയിൻ നിറച്ച് കൈമാറ്റം ചെയ്യുന്നതും ബി.എസ്.എഫ്. പിടികൂടിയിരുന്നു.

(1-ാം പേജ് തുടർച്ച - സാത്താൻ സേവ കേരളത്തിൽ വ്യാപകമാകുന്നു)

കയും ചെയ്യുന്നു. മയക്കുമരുന്നു കലർത്തിയ വീഞ്ഞാണ് അവരുടെ ആരാധനയ്ക്ക് ഉപയോഗിക്കുന്നത്. ഒരു പ്രത്യേക അളവിൽ ശരീരത്തിൽ കലർത്തിവിടുന്ന ഒരുതരം ലഹരിവസ്തു മനുഷ്യരെ ഉന്മാദത്തിലേക്കും മാനസിക വൈകല്യത്തിലേക്കും എത്തിക്കും. ഒരു പ്രത്യേക അനുഭൂതിയും ആവേശവും അവർക്ക് ലഭിക്കുന്നു.

മദ്യവും ലഹരിവസ്തുക്കളും മയക്കുമരുന്നുകളും മറ്റ് നിഷിദ്ധമായ പ്രവർത്തനങ്ങളും പെൺകുട്ടികൾക്കും ഉയർന്ന നിലയിൽ ജീവിക്കുന്ന സ്ത്രീകൾക്കും സെലിബ്രിറ്റികൾക്കുമൊക്കെ ഒരനുഭൂതിയായി മാറുന്നു. ഈ അനുഭൂതി അനുഭവിച്ചിട്ടുള്ളവർ പിന്നീട് അത് ജീവിതവഴിയായി സ്വീകരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. കൊച്ചിയിൽ ഇത്തരം സംഭവങ്ങൾ സാധാരണമാണെന്നും ഇതിൽ ഒട്ടും പുതുമയില്ലെന്നുമാണ് പോലീസ് നൽകുന്ന റിപ്പോർട്ട്. രഹസ്യമായിട്ടൊന്നുമല്ല, നഗരത്തിലെ പ്രമുഖ ഫ്ളാറ്റുകളിലുമൊക്കെ സാത്താൻ സേവകർ തമ്പടിക്കുന്നു എന്നതാണ് പുതിയ വാർത്തകൾ. മദ്യവും മയക്കുമരുന്നും സെക്സും ആസ്വദിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ് സംഘത്തിൽ എത്തുന്ന സ്ത്രീ-പുരുഷന്മാർ. കൊച്ചിയിൽ മാത്രമല്ല, കേരളത്തിലെ പ്രമുഖ നഗരങ്ങളിലും ഗ്രാമങ്ങളിലും സാത്താൻ ആരാധനാ ശൈലി ശക്തിപ്പെട്ടുവരികയാണ്.

നഗരത്തിലെ പ്രമുഖ വ്യവസായികൾ മറ്റ് ഉന്നതരായ ധാരാളം വ്യക്തികളും സംഘത്തിലുണ്ട്. കൊച്ചുകുട്ടികളെ സാത്താൻസേവാ സംഘം വലയിലാക്കുന്നതിനാൽ കൂടുതൽ ജാഗ്രത വേണം. സെക്സ് ഫ്രീ ആയതിനാൽ ധാരാളം യുവാക്കൾ ഇവരിലേക്ക് ആകർഷിക്കുന്നു. സ്ത്രീകൾ പലരും വഴിതെറ്റി എത്തുന്നവരാണെങ്കിലും അതിൽ ചെന്നുപെട്ടുകഴിഞ്ഞാൽ രക്ഷപെടാൻ ആവാത്ത പടുകുഴിയിൽ അവരെ വീഴ്ത്തിയിരിക്കും. ബാംഗ്ലൂരിൽനിന്നും കൊച്ചിയിൽ എത്തുന്ന നാൽവർ സംഘമാണ് കൊച്ചിയിലെ സാത്താൻ സഭയ്ക്കു നേതൃത്വം നൽകുന്നതെന്നു നവമാദ്ധ്യമങ്ങളിൽ പ്രചരിക്കുന്നു. മൂന്നോ നാലോ മാസങ്ങൾ കൂടുമ്പോഴാണ് സംഘം കൊച്ചിയിൽ എത്തുന്നത്. മൂന്നു സുന്ദരിമാരായ സ്ത്രീകളും ഒരു പുരുഷനുമാണ് സംഘത്തിലുള്ളതെന്നും പ്രചരിക്കുന്നു. വിമാനത്തിൽ കൊച്ചിയിലെത്തുന്ന ഈ നാൽവർ സംഘം ആഢംബര കാറുകളിലാണ് റോഡ് സഞ്ചാരം. വിദേശത്തുനിന്നും ധാരാളം ഫണ്ട് ഇവർക്ക് ലഭിക്കുന്നു. ഇവർക്ക് ആവശ്യമായ ആരാധനാക്രമം, ലിപികൾ, നേതാവിനെ വാഴിക്കൽ എല്ലാം വിദേശത്തുനിന്നുള്ള നിർദ്ദേശമനുസരിച്ചാണ്. പ്രാദേശികമായി തോന്നുന്നതുപോലെ ആരാധന ചിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല.

ഇവരുടെ ചിട്ടകൾ കർക്കശമാണ്. യാതൊരു കാരണവശാലും ചിട്ടകളിൽനിന്നും പിന്തിരിയുവാൻ സാദ്ധ്യമല്ല. ഇതിൽനിന്നും പിന്തിരിയുവാൻ നോക്കുന്നവരെ കൊന്നുകളയുക എന്ന മാർഗ്ഗമാണ് ആദ്യം തന്നെ സ്വീകരിക്കുക. കേരളത്തിൽ നടന്ന 90% ദുരൂഹമരണത്തിനും പിന്നിൽ സാത്താൻ സഭയുടെ പ്രവർത്തകരുണ്ടെന്നു പറയുന്നു. ഈ അടുത്തകാലത്ത് നന്ദൻകോട് കൂട്ടക്കൊലയിലെ പ്രതി കേദൽ ജിൻസൺ രാജ് തന്നെ മാതാപിതാക്കളെയും സഹോദരിയെയും മൃഗീയമായി കൊലപ്പെടുത്തിയത് സാത്താൻ സേവയുടെ ഭാഗമായിട്ടായിരുന്നു. അവർ എല്ലാവരും സാത്താൻ സേവകരും വഴിവിട്ട ബന്ധം പുലർത്തുന്നവരുമായിരുന്നു. സാത്താൻ സേവകർക്ക് അമ്മയും, മകനും, സഹോദരിയും, അപ്പനും, മകളും എന്നൊന്നും വിചാരമില്ല. സാത്താന് ഏറ്റവും ഇഷ്ടം വേരി ക്ലോസ് ഇൻസെസ്റ്റ് ചെയ്യുന്നവരെയാണ്. കേദലിന്റെ കുടുംബം ഇങ്ങനെയുള്ള ഒരു നിഗൂഢത നിറഞ്ഞതായിരുന്നു.

സാത്താൻ സഭ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന സമയത്ത് നാം നമ്മുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുവാൻ ശ്രദ്ധിക്കണം. എഞ്ചിനീയറും ഡോക്ടറും ഒക്കെ ആയി സാത്താന്റെ പിടിയിലമർന്ന് കുടുംബത്തിന് തന്നെ കത്തിവെയ്ക്കാതിരിക്കാൻ ഒന്നാമതായി ദൈവീക സ്നേഹമുള്ളവരായി കുഞ്ഞുങ്ങളെ വളർത്തുക. 'യേശുവിനെ കാണിച്ചു കൊടുക്കുക, ദൈവവിശ്വാസത്തിൽ വളർത്തുക'. കൂട്ടുകെട്ടുകൾ വീക്ഷിക്കുക, നന്മകൾ ചെയ്യുക. വേദപുസ്തക വായന പതിവാക്കുക. എങ്കിൽ നിങ്ങളുടെ കുഞ്ഞുങ്ങൾ നശിച്ചുപോകുകയില്ല നിശ്ചയം. വളരെ ജാഗ്രതയോടെ ജീവിക്കുക. ദൈവം നിങ്ങളെ സഹായിക്കട്ടെ!

## വധുവിനെ കിട്ടിയില്ല; ചൈനീസ് എഞ്ചിനീയർ റൊബോട്ടിനെ സൃഷ്ടിച്ചു, ഭാര്യയാക്കി

**ബെയ്ജിങ്:** സെങ് ജിയജിയ് (31) മനസ്സിനിണങ്ങിയ വധുവിനെത്തേടി വർഷങ്ങളാണ് അലഞ്ഞത്. അവസാനം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിദഗ്ധനായ അദ്ദേഹം ഒരു റൊബോട്ടിനെ ഉണ്ടാക്കി അതിനെ ഭാര്യാക്കി. യിങ്യിങ് എന്നാണ് റൊബോട്ട് 'ഭാര്യ'ക്കു നൽകിയിരിക്കുന്ന പേര്. തന്റെ പാത കൂടുതൽപ്പേർ തെരഞ്ഞെടുക്കുമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. വളരെ ലളിതമായി വിവാഹച്ചടങ്ങുകളും നടത്തി.

സാധാരണ ഭാര്യമാർക്കു വർഷങ്ങൾ പിന്നിടുമ്പോൾ വാർദ്ധക്യം ബാധിക്കുമെന്നും, യിങ്യിങ് പ്രായം ചെല്ലുന്തോറും കൂടുതൽ സ്മാർട്ട് ആകുമെന്നുമാണ് ജിയജിയയുടെ വാദം. ചൈനീസ് അക്ഷരങ്ങൾ വായിക്കാനും ചെറിയ തോതിൽ സംസാരിക്കാനും ഈ റൊബോട്ടിന് കഴിയും.

35 വർഷത്തിനുള്ളിൽ മനുഷ്യർ റൊബോട്ടുകളെ വിവാഹം ചെയ്തു തുടങ്ങുമെന്നാണ് ശാസ്ത്രജ്ഞരുടെ വിശ്വാസം.

18 വ്യക്തി സ്വഭാവമുള്ള റൊബോട്ടിക് സെക്സ് അസിസ്റ്റന്റിനെ റിയൽഡോൾ എന്ന സ്ഥാപനം കഴിഞ്ഞ ദിവസം പുറത്തിറക്കി. ഹാർമണി 2.0 എന്നാണ് പേര്.

വിപണിയിലെത്തുമ്പോൾ 6.8 ലക്ഷം രൂപ വിലയാകും. ഉടമസ്ഥനെ തിരിച്ചറിയാനും അയാളുടെ ഭക്ഷണശീലങ്ങൾപോലും ഓർത്തിരിക്കാനും ഹാർമണിക്കു കഴിയും. സിലിക്കണിലാണ് ഇതിനെ തയ്യാറാക്കിയിരിക്കുന്നത്. സ്ത്രീ-പുരുഷ രൂപങ്ങളിൽ ഇവ ലഭ്യമാണ്.

## യഥാർത്ഥ പെട്രോൾ വില ലിറ്ററിന് 29 രൂപ മാത്രം

**മുംബൈ:** കേരളത്തിൽ പെട്രോൾ വില 71 രൂപയ്ക്ക് അടുത്ത്. മുംബൈയിൽ 77.5 വരെ. പക്ഷേ, റിഫൈനറികൾ ഈടാക്കുന്ന വില കേട്ടാൽ ആരും ഞെട്ടും. ലിറ്ററിന് കേവലം 29 രൂപ! മാർക്കറ്റിംഗ് ചാർജ് ഉൾപ്പെടെ 29.54 രൂപയ്ക്കാണ് മുംബൈയിൽ പെട്രോൾ എത്തിക്കുന്നത്. കേന്ദ്ര-സംസ്ഥാന നികുതിയാണ് ബാക്കി. യഥാർത്ഥ വിലയുടെ 153% വരെ ജനം നൽകുന്നെന്നു സാരം. ഭീമൻ നികുതിയും സെസുമൊക്കെ വരുമ്പോൾ മുംബൈയിൽ സാധാരണക്കാർ പെട്രോളിന് അധികം നൽകേണ്ടി വരുന്നത് 47.96 രൂപയാണ്. കേന്ദ്ര എക്സൈസ് നികുതി, സംസ്ഥാന വാറ്റ്, ചെക്ക്പോസ്റ്റ് ചരക്കു നികുതി, ഡീലർമാരുടെയും പമ്പുടമകളുടെയും കമ്മീഷൻ എന്നിവയൊക്കെ ചേർത്താണിത്. പൊതുകടം 4.13 ലക്ഷം കോടി പിന്നിട്ടപ്പോഴാണ് പെട്രോൾ സെസിൽനിന്നുള്ള വരുമാനം കൂട്ടാൻ സർക്കാർ നിർബന്ധിതമായതെന്നാണ് വെളിപ്പെടുത്തലുകൾ.

# ക്രിസ്തുവിന്റെ ഇച്ഛകൾ

– ദാനിയേൽ പന്തളം

ക്രിസ്തു പ്രധാനമായി ആഗ്രഹിക്കുന്ന സംഗതികൾ എന്തെല്ലാം എന്നു നോക്കാം.

1. **"എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം" മത്താ: 26:32.** പിന്നെ അവൻ മുന്നോട്ടു ചെന്ന് കമിന്നു വീണു. "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് നീങ്ങിപ്പോകണമേ. എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെ അല്ല, നീ ഇച്ഛിക്കുന്നതുപോലെ ആകട്ടെ" എന്നു പ്രാർത്ഥിച്ചു. സ്വന്ത ഇഷ്ടത്തെക്കാൾ പിതാവിന്റെ ഇഷ്ടം നടക്കുവാൻ ആണ് അവൻ ആഗ്രഹിച്ചത്.

2. **"ഞാൻ ഇച്ഛിക്കുന്നു, എനിക്ക് മനസ്സുണ്ട്". ലൂക്കോ: 5:13.** യേശു കൈ നീട്ടി അവനെ തൊട്ടു. "എനിക്ക് മനസ്സുണ്ട്, നീ ശുദ്ധനാകുക." ഉടനെ കുഷ്ഠം അവനെ വിട്ടുമാറി. വെറുക്കപ്പെട്ട കുഷ്ഠരോഗിപോലും സൗഖ്യമാകണം എന്നാണ് അദ്ദേഹം ഇച്ഛിച്ചത്.

3. **ഒടുക്കത്തെ നാളിൽ എല്ലാവരെയും ഉയിർത്തെഴുന്നേല്പിക്കും. യോഹ: 6:40**. "പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാണ് എന്റെ പിതാവിന്റെ ഇഷ്ടം. പിതാവിന്റെ ഇഷ്ടം തന്നെയാണ് പുത്രന്റെയും ഇഷ്ടം. അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും." അതാണ് ക്രിസ്തുവിന്റെ ഇഷ്ടം.

4. **ഉയിർത്തപ്പെട്ടിട്ട് എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും. യോഹ: 12:32**. "ഞാനോ ഭൂമിയിൽ നിന്ന് ഉയിർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും."

5. **ഞാൻ പിന്നെയും വരും. യോഹ: 14:3**. "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാന്ഢ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും."

6. **അവരും എന്നോടുകൂടെ ഇരിക്കേണം എന്ന് ഞാൻ ഇച്ഛിക്കുന്നു. യോഹ: 12:24**. "പിതാവേ, നീ ലോകസ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചിരിക്കകൊണ്ട് എനിക്കു നൽകിയ മഹത്വം നീ എനിക്ക് തന്നിട്ട് ഇവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നു.

7. **അവൻ ഇരിക്കണമെന്ന് ഞാൻ ഇഷ്ടപ്പെടുന്നെങ്കിൽ. യോഹ: 21:22**. യേശു അവനോട് "ഞാൻ വരുവോളം അവൻ ഇരിക്കണമെന്ന് എനിക്ക് ഇഷ്ടം ഉണ്ടെങ്കിൽ അത് നിക്ക് എന്ത്."

ഇവിടെ എല്ലാം നാം കാണുന്നത് ഒന്നാമത് പിതാവിന്റെ ഇഷ്ടം നടക്കണമെന്ന് യേശു ആഗ്രഹിച്ചു. അതോടൊപ്പം മനുഷ്യരെ അദ്ദേഹം ഇരിക്കുന്ന ഇടത്ത് ചേർത്തുകൊള്ളുവാൻ യേശു ഇഷ്ടപ്പെട്ടു എന്നുമാണ്.

# സഭാവിരുദ്ധ നിലപാടുകൾ തിരുത്തുവാൻ മെത്രാപ്പോലീത്തന്മാർക്ക് ഒരവസരം കൂടി

പരിശുദ്ധ പാത്രിയർക്കീസ് ബാവയ്ക്കും സഭാസുന്നഹദോസിനും എതിരെ പരസ്യനിലപാടെടുത്ത ആറു മെത്രാപ്പോലീത്തന്മാർക്ക് തങ്ങളുടെ തെറ്റുകൾ തിരുത്തി ക്ഷമാപണം നടത്തുവാൻ ഏപ്രിൽ വരെ അവസരം നൽകുവാൻ ലബനോനിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സിറിയൻ ഓർത്തഡോക്സ് സുന്നഹദോസ് തീരുമാനിച്ചു. സുന്നഹദോസ് തീരുമാനങ്ങൾ ശ്രേഷ്ഠ കാതോലിക്ക ബാവായെ ലോകമെങ്ങുമുള്ള മെത്രാപ്പോലീത്തന്മാരെയും വൈദികരേയും ദയറാക്കാരെയും വിശ്വാസികളെയും പരിശുദ്ധ പാത്രിയർക്കീസ് ബാവാ പൊതു കല്പനയിലൂടെ അറിയിച്ചു. കല്പനയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ലെബാനോനിലെ പാത്രിയർക്ക അരമനയിൽ 2017 ഫെബ്രുവരി 16 നു നമ്മുടെ അധ്യക്ഷതയിൽ ചേർന്ന കൂടിക്കാഴ്ചായോഗത്തിലും, നമ്മുടെ നേരിട്ടുള്ള ക്ഷണപ്രകാരം മാർച്ച് മാസം 14 മുതൽ 16 വരെ തീയതിതളിൽ ചേർന്ന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ സുന്നഹദോസിലും നമ്മുടെ സഹമെത്രാപ്പോലീത്ത മാർ നിർദ്ദേശിച്ചതനുസരിച്ച് നമ്മുടെ ആർച്ച് ബിഷപ്പുമാരായ മോർ ഒസ്താത്തിയോസ് മത്താ റോഹം, മോർ ക്ലീമീസ് ഔഗേൻ കപ്ലാൻ, മോർ സേവേറിയോസ് മൽക്കി മുറാദ്, മോർ മലാത്തിയോസ് മൽക്കി മൽക്കി, മോർ സേവേറിയോസ് ഹസൈൽ സൗമി, മോർ ബർതതലോമോസ് നഥാനിയേൽ യൂസഫ് എന്നിവരോട് പരിശുദ്ധ സുന്നഹദോസിൽ പങ്കെടുത്ത് അവരുടെ അഭിപ്രായങ്ങളും ആക്ഷേപങ്ങളും സഭയോടുള്ള ബന്ധത്തിൽ വേദനാജനകമായി അവർ കൈക്കൊണ്ടിട്ടുള്ള നിലപാടുകളും ഉന്നയിക്കുവാൻ നാം ആവശ്യപ്പെട്ടിരുന്നു. അവർ കൈക്കൊണ്ടിട്ടുള്ള സഭാവിരുദ്ധ നിലപാടുകളും സുറിയാനി സഭാഭരണഘടനാ ലംഘനങ്ങളും സമീപനങ്ങളും പൊതുവെ പരിശുദ്ധ സഭയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേല്പിച്ചിട്ടുണ്ട് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. മോർ ഒസ്താത്തിയോസ് മത്താറോഹം പരിശുദ്ധ സുന്നഹദോസിൽ സംബന്ധിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ രേഖാമൂലമുള്ള ക്ഷമാപണം പരിശുദ്ധ സുന്നഹദോസിന്റെ ആദ്യഘട്ടത്തിൽ വായിക്കുകയുണ്ടായി.

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും (വി. മത്താ: 5:9) എന്ന നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ജീവസ്സുള്ള വചനങ്ങൾ ഓർത്തും, പരിശുദ്ധ സഭയിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള സഭാപിതാക്കന്മാരുടെ അദമ്യമായ ആഗ്രഹം മാനിച്ചും, പരിശുദ്ധ സുന്നഹദോസ് തയ്യാറാക്കിയ ക്ഷമാപണ പത്രികയിൽ മേൽപ്പറഞ്ഞ മെത്രാപ്പോലീത്താമാരെ ഒപ്പിടുവിക്കുവാനായി വലിയ പരിശ്രമങ്ങൾ നടത്തിയിട്ടും, ആയതിനായി വിവിധ സമിതികൾ രൂപീകരിച്ചിട്ടും ഫലം കാണാതെ വന്ന സാഹചര്യത്തിൽ പരിശുദ്ധ സഭയുടെ പിതാക്കന്മാർ ചേർന്ന് കൂട്ടായി പ്രാർത്ഥിച്ചും ചിന്തിച്ചും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. അന്ത്യോഖ്യായിലെ പരിശുദ്ധ സുറിയാനി ഓർത്തഡോക്സ് സഭ ഭരണഘടനയുടെ 73-ാം അനുച്ഛേദം ഖണ്ഡിക (ബി) പ്രകാരം മോർ ഒസ്താത്തിയോസ് മത്താ റോഹമിനെ സഭയുടെ ജസീറാ യുഫ്രട്ടീസ് അതിഭദ്രാസനത്തിന്റെ ഇടയത്ത ചുമതലയിൽനിന്ന് സസ്പെൻഡ് ചെയ്യുകയും പരിശുദ്ധ സഭയുടെ ആചാരാനുഷ്ഠാനകർമ്മങ്ങൾ നിറവേറ്റുന്നതിൽ നിന്നു വിലക്കുകയും ചെയ്യുന്നു.

2. സുറിയാനി ഓർത്തഡോക്സ് സഭാഭരണഘടനയുടെ 70-ാം അനുച്ഛേദം ഖണ്ഡിക (എ), 72 ഖണ്ഡിക (ബി) എന്നിവയനുസരിച്ച് മോർ സേവേറിയോസ് ഹസൈൽ സൗമി തന്റേതല്ലാത്ത ഭദ്രാസനങ്ങളിൽ പ്രവേശിക്കുന്നതിനോ ഭരണ-ആത്മീയ കാര്യങ്ങളിൽ ഇടപെടുന്നതിനോ, സഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിനോ അനുവാദമില്ലാത്തതാകുന്നു. സുറിയാനി സഭ ഭരണഘടനയുടെ 56-ാം അനുച്ഛേദം അനുശാസിക്കുന്ന നിയമവ്യവസ്ഥ അദ്ദേഹം ലംഘിച്ചിരിക്കുന്നതിനാൽ, പട്ടത്വ ശുശ്രൂഷ സംബന്ധിച്ചുള്ള കാര്യങ്ങളിൽ നിന്നും അദ്ദേഹം വിടുർത്തപ്പെട്ടിരിക്കുന്നു.

3. മോർ ബർത്തലോമോസ് നഥാനിയേൽ യൂസഫ്, മോർ സേവേറിയോസ് മൽക്കി മുറാദ്, മോർ മലാത്തിയോസ് മൽക്കി മൽക്കി, മോർ ക്ലീമീസ് ഔഗേൻ കപ്ലാൻ എന്നിവർക്ക് 2017 ഏപ്രിൽ 30 നു മുമ്പായി അവരുടെ തെറ്റു തിരുത്തുന്നതിനും, ക്ഷമാപണ പത്രികയിൽ ഒപ്പിട്ട് സഭാശുശ്രൂഷയിലേക്ക് മടങ്ങിവരുന്നതിനും സമയം അനുവദിച്ചിട്ടുണ്ട്.

4. അനുവദിക്കപ്പെട്ടിരിക്കുന്ന സമയപരിധിക്കുള്ളിൽ ക്ഷമാപണ പത്രികയിൽ ഒപ്പുവച്ച് തെറ്റുതിരുത്താൻ കൂട്ടാക്കാത്തപക്ഷം മേൽപ്പറഞ്ഞ മെത്രാപ്പോലീത്താമാർക്കെതിരെ പരിശുദ്ധ സുറിയാനി സഭയുടെ ഭരണഘടന പ്രകാരം അനുയോജ്യമായ ശിക്ഷാനടപടികൾ കൈക്കൊള്ളുവാൻ പരിശുദ്ധ സുന്നഹദോസ് പരിശുദ്ധ പാത്രിയർക്കീസ് ബാവായെ ചുമതലപ്പെടുത്തി.

ശ്രേഷ്ഠമായ ഈ നോമ്പിന്റെ പുണ്യാനുഭവത്തിൽ പരിശുദ്ധ സഭയെ ഓർത്തും സഭയിൽ സമാധാനം വാഴുന്നതിനുവേണ്ടിയും മുട്ടിപ്പായി നിങ്ങൾ പ്രാർത്ഥിക്കണം. സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (വി.യോ: 13:27) എന്ന് നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തു വാഗ്ദാനം ചെയ്ത യഥാർത്ഥ സമാധാനം, നമുക്ക് ഏവർക്കും അനുഭവിക്കുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ രക്ഷാകരമായ കഷ്ടാനുഭവവും, പീഢാസഹനവും, ക്രൂശുമരണവും നമ്മെ കൂടുതൽ സമുദ്ധരിക്കുവാൻ മുഖാന്തരമായി തീരണം. വിശേഷിച്ച്, ആധുനിക ലോകജീവിത സാഹചര്യങ്ങളിൽ, അർത്ഥപൂർണ്ണമായ ക്രൈസ്തവ സാക്ഷ്യം നിറവേറ്റി മാതൃകാ സമൂഹമായി പരിണമിക്കുവാൻ നാം ഉത്സാഹിക്കണം. നമ്മുടെ രക്ഷയ്ക്കായി സ്വർഗ്ഗം നൽകിയ ദാനങ്ങളിൽ സന്തോഷിച്ച്, കർത്താവിന്റെ ക്രൂശുമരണത്തിലും ഉയിർത്തെഴുന്നേൽപ്പിലും പ്രശംസയുള്ളവരായിരിപ്പാൻ, പ്രത്യേകം കരുതിക്കൊള്ളണം.

രക്ഷാകരമായ ഉത്ഥാനപ്പെരുന്നാളിന്റെ അനുഗ്രഹങ്ങളും ആശംസകളും നേരുന്നു.

*കടപ്പാട്: വിശ്വാസ സംരക്ഷകൻ*

# ശതാഭിഷിക്തനായ ഇടയശ്രേഷ്ഠന് പ്രണാമം

**ചന്ദ്രചൂഢൻ നായർ**
**ബിജെപി പുതുപ്പള്ളി മണ്ഡലം സെക്രട്ടറി**

ജാതിമത ചിന്തകൾക്ക് അതീതമായി മലയാള മനസ്സ് കീഴടക്കിയ വലിയ മെത്രാപ്പോലീത്ത... ആകാശത്തിനു കീഴിൽ ആരെയും നർമ്മംപുരണ്ട സ്നേഹംകൊണ്ട് ശാസിക്കുന്ന ദേവദൂതൻ...വിശ്വാസപ്രമാണങ്ങളുടെ സ്വയം സമർപ്പണമാണ് ശതാഭിഷിക്തനാകുന്ന ഈ മഹാമേരു. ചെറിയ കഥകളിലൂടെ ജീവിതത്തിന്റെ അന്തർധാരകളുടെ അമൂല്യ നിർവ്വചനങ്ങൾ അറിയിച്ച ഭാരതത്തിന്റെ സ്വന്തം വലിയ തിരുമേനി... തന്റെ ജീവിതംകൊണ്ട് ലോകത്തോട് സാക്ഷിക്കണമെന്ന് ഉറച്ച് വിശ്വസിക്കുന്ന സന്യാസി... അനുപമമായ ദർശനം മറ്റുള്ളവർക്ക് സമ്മാനിച്ച ഇടയൻ.. ആരോടും വിദ്വേഷത്തിന്റെ കാലുഷ്യമോ വെറുപ്പോ ഇല്ലാത്ത മുനിശ്രേഷ്ഠൻ... തുറന്ന മനസ്സോടും യാഥാർത്ഥ്യബോധത്തോടെയും ആശയങ്ങളെയും മറ്റുള്ളവരുടെ കാഴ്ചപ്പാടുകളെയും അംഗീകരിച്ച ഇടയൻ... മതസൗഹാർദ്ദത്തിന്റെയും മതേതര ഐക്യത്തിന്റെയും പ്രസക്തിയും ആവിശ്യകതയും തുറന്നുപറയുകയും പഠിപ്പിക്കുകയും ചെയ്യുന്ന വലിയ മെത്രാപ്പോലീത്താ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത.

ഈശ്വരൻ അദ്ദേഹത്തെ നിറഞ്ഞ് അനുഗ്രഹിച്ചിരിക്കുന്നു. നൂറുവയസ്സോടടുക്കുമ്പോഴും ആ ചിരി വിളങ്ങി നിൽക്കുന്നു. ആ ബുദ്ധിയും ചിന്തകളും അവയുടെ തെളിച്ചം നമുക്ക് പകർന്നുതരുന്നു. തിരുമേനി പ്രസന്നനാണ്. ആയിരക്കണക്കിന് സാധാരണ മനുഷ്യരുടെ സ്നേഹാശംസകളും പ്രാർത്ഥനകളും അദ്ദേഹത്തിനുമേൽ വർഷിച്ചുകൊണ്ടിരിക്കുന്നു. ദൈവം ഒരു ചെറുചിരിയോടെ ആ ശിരസ്സിൽ തൃക്കരമർപ്പിച്ചു നിൽക്കുന്നു. നൂറുവർഷം ഈ പാതയിലൂടെ ഇടറാതെ നടന്ന ആ പാദങ്ങളിൽ എന്റെ സാഷ്ടാംഗപ്രണാമം അർപ്പിക്കട്ടെ...!

# സ്വർണ്ണനാവുകാരൻ മാർ ക്രിസോസ്റ്റം നൂറിന്റെ നിറവിൽ

മാർത്തോമ്മ സഭയുടെ മുൻ അദ്ധ്യക്ഷൻ ഫീലിപ്പോസ് മോർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത ഏപ്രിൽ 27 ന് നൂറാം ജന്മദിനം ആഘോഷിച്ചു. കേരളസമൂഹത്തിന്റെ ഇടയശ്രേഷ്ഠനായ തിരുമേനി നാനാജാതി മതസ്ഥരുടെ ബഹുമാന ആദരവുകൾ ഏറ്റുവാങ്ങിയ പ്രധാനാചാര്യനാണ്. 1918 ഏപ്രിൽ 27 ന് കലാമണ്ണിൽ കെ. ഇ. ഉമ്മൻ കശ്ശീശയുടെയും ശോശാമ്മയുടെയും പുത്രനായി ജനിച്ചു. 1953 മെയ് 23 ന് എപ്പിസ്കോപ്പയായി 1999 ൽ മാർത്തോമ്മ സഭയുടെ അദ്ധ്യക്ഷനായി. നീണ്ട 64 വർഷം പ്രധാനാചാര്യന്റെ ചുമതല വഹിച്ച അദ്ദേഹം ലോകചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം ബിഷപ്പ് എന്ന പദവി വഹിച്ച റിക്കാഡിന്റെ ഉടമയാണ്. ചിന്തയുടെ ഔന്നിത്യം കൊണ്ടും ദർശനത്തിന്റെ വ്യക്തതകൊണ്ടും ആവിഷ്കരണശൈലിയുടെ പ്രസാദം കൊണ്ടും അനുഗ്രഹീതനാണ് വലിയ തിരുമേനി. സ്വർണ്ണനാവും സ്വർണ്ണമൊഴികളും സ്വന്തമായിട്ടുള്ള മെത്രാപ്പോലീത്ത സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് എന്ന വിശുദ്ധന്റെ പിൻഗാമിയായി അറിയപ്പെടുന്നു. പ. അന്ത്യോഖ്യാ സിംഹാസനവുമായി മാർത്തോമ്മ സഭയ്ക്കുണ്ടായിരുന്ന പൂർവ്വിക ബന്ധം നിലനിർത്തുന്നതിന് എന്നും തിരുമേനി തൽപ്പരനായിരുന്നു. എക്യുമെനിസത്തിന്റെ പ്രചാരകനും പ്രചോദകനുമായിരുന്നു ഈ ശ്രേഷ്ഠ മഹാചാര്യൻ.

തദ്ദേവൂസിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനയും നേരുന്നു.

Published on 5th MAY 2017

"REGISTERED"
RNI No. KERMAL / 2005 / 16477
REG No. KL / KTM /119/ 2017-2019



# ഇസ്കറിയോത്ത യൂദായുടെ പാപം നിലനിൽക്കുമോ?

**ഷിജോ കളപ്പുരയ്ക്കൽ, വാകത്താനം**



**ന**മ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ യൂദാ എന്ന പേര് രണ്ട് ശിഷ്യന്മാർക്കുണ്ടായിരുന്നു. ഒന്ന്, യൂദാ തദ്ദേവൂസ്, രണ്ട് ഇസ്കറിയോത്ത യൂദാ. യൂദാ തദ്ദേവൂസ് യേശുക്രിസ്തുവിന്റെ അമ്മ കന്യക മറിയാമിന്റെ സഹോദരീപുത്രനാണ്. യേശുക്രിസ്തുവിന്റെ സഹോദരൻ യൂദാ എന്ന പേരിലും അറിയപ്പെടുന്നു. എന്നാൽ ഇസ്കറിയോത്ത യൂദാ ഒറ്റിക്കൊടുപ്പുകാരൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. യൂദാ എന്ന പേര് കേൾക്കുമ്പോൾ നമ്മുടെയെല്ലാം മനസ്സുകളിൽ അതിനർത്ഥം ഒറ്റിക്കൊടുപ്പുകാരൻ എന്നുതന്നെയാണ് പ്രബലമാകുന്നത്. ജാതിഭേദമെന്യേ മാനവകുലം ഇങ്ങനെ തന്നെ വിശ്വസിക്കുന്നു. അതിനാൽ യൂദാ എന്ന പേര് മക്കൾക്ക് ഇടുവാൻപോലും മാതാപിതാക്കൾ ആഗ്രഹിക്കുന്നില്ല. കാരണം തങ്ങളുടെ മക്കളെ മറ്റുള്ളവർ ഒറ്റിക്കൊടുപ്പുകാരനായി കാണുമോ എന്ന ഉൾഭയം തന്നെയാണ്. അതുപോലെയാണ് നമ്മുടെ പഠിപ്പിക്കലുകൾ. ആരോ നമ്മോടു പറഞ്ഞുകേട്ടത് നാം പാടി നടക്കുന്നു എന്നുമാത്രം. യേശുക്രിസ്തുവിനൊപ്പം ക്രൂശിൽ മരിച്ച കള്ളന്മാരേക്കാൾ മോശമായി എന്നും നമ്മുടെ മനസ്സുകളിൽ ഇസ്കറിയോത്ത യൂദാ ജീവിക്കുന്നു. ആദിപിതാവായ ആദം ദൈവകല്പനാ ലംഘനം മൂലം പറുദീസാ ജീവിതം നഷ്ടപ്പെടുത്തി. തന്റെ സ്വാർത്ഥതയ്ക്കുവേണ്ടി സ്വന്തം സഹോദരനെക്കൊന്ന കായേൽ, സ്വന്തം പിതാവിന്റെ ചാർച്ചക്കാരിയുമായി വേഴ്ച പ്രാപിച്ച രൂബേൻ, സ്വന്തം പെൺമക്കളാൽ വംശപാരമ്പര്യം നിലനിർത്തിയ ലോത്ത്, സ്വന്തം സൈന്യത്തലവന്റെ ഭാര്യയെ മോഹിച്ച് അവളെ സ്വന്തമാക്കിയ ദാവീദ്, ഇവരെയെല്ലാം നമ്മൾ അംഗീകരിക്കുന്നു. ആദം മുതലുള്ള മനുഷ്യവർഗ്ഗത്തിന്റെ പാപം നീക്കുവാനാണ് യേശുക്രിസ്തു മനുഷ്യജന്മം സ്വീകരിച്ച് ഭൂജാതനാകുന്നത്. രോമം കത്രിക്കുന്നവന്റെ മുന്നിൽ നിൽക്കുന്ന അറുക്കപ്പെടുവാനുള്ള കുഞ്ഞാട് എന്ന് യേശയ്യാ പ്രവാചകൻ പ്രവചിച്ചത് തന്നെ കൊല്ലുവാൻ കൂട്ടം കൂടി നിൽക്കുന്ന പടയാളികളുടെ മുന്നിൽ മനുഷ്യരാശിയുടെ പാപങ്ങളെ മുഴുവൻ തന്റെ തലയിൽ ചുമത്തി ഒന്നും ഉരിയാടാതെ പീഡകൾ സഹിക്കുന്ന യേശുക്രിസ്തുവിനെ തന്നെയാണ്. കന്യക മറിയം ജനിക്കുന്നതിനു മുമ്പുതന്നെ അതുമല്ലെങ്കിൽ, സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ പിതാവാം ദൈവത്തിന്റെ മനസ്സിൽ തന്റെ പുത്രനെക്കുറിച്ച് ഒരു വ്യക്തമായ കാഴ്ചപ്പാടുണ്ട്. അതാണ് ഉല്പത്തി പുസ്തകത്തിൽ സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കുമെന്ന് പ്രതിപാദിക്കുന്നത്.

യൂദാ ഇസ്കറിയോത്ത എന്ന വ്യക്തി യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ കൃത്യനിഷ്ഠയും മറ്റുള്ളവരെക്കാൾ കൂടുതൽ അറിവും വിദ്യാസമ്പന്നനുമായിരുന്നതുകൊണ്ടാവാം അവരുടെയെല്ലാം വരവുചെലവ് നിയന്ത്രിക്കുന്നതും എല്ലാ കാര്യങ്ങളും മാനേജ് ചെയ്യുന്ന ഒരു മനേജരുമായിരുന്നത്. അതുകൊണ്ടുതന്നെയാണ് കർത്താവിന്റെ തലയിൽ തൈലം പൂശിയ സ്ത്രീയോട് ഇത് വിറ്റ് ദരിദ്രർക്ക് കൊടുക്കുവാൻ ആധികാരികമായി സംസാരിക്കുവാൻ സാധിക്കുന്നതും. അവരുടെ നാളുകളിലെ ഓരോ ദിവസത്തെ പരിപാടികളെപ്പറ്റി യേശുവിനെപ്പോലെ തന്നെ അറിവും ഇസ്കറിയോത്ത യൂദായ്ക്കുമുണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴ സമയത്ത് എല്ലാവരെയും വ്യക്തമായി ധരിപ്പിച്ചിരുന്നു, പത്രോസ് മൂന്ന് തവണ തള്ളിപ്പറയുമെന്നും യൂദാ മുപ്പത് വെള്ളിക്കാശ് വാങ്ങി യഹൂദ ജനത്തിന് തന്നെ ഒറ്റിക്കൊടുക്കുമെന്നും. കാരണം അത് പിതാവാം ദൈവത്തിന്റെ തീരുമാനമായിരുന്നു. ഇങ്ങനെയൊരു പ്രവൃത്തി ഈ ഭൂമിയിൽ നടന്നില്ല എങ്കിൽ യേശുക്രിസ്തുവിന്റെ വരവിൽ യാതൊരു ഫലപ്രാപ്തിയുമുണ്ടാകുമായിരുന്നില്ല. യേശുക്രിസ്തു ഗത്സമനെ തോട്ടത്തിൽ വച്ച് പ്രാർത്ഥിക്കുന്നു, "പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും നീക്കണമെ" എന്ന്. തന്റെ ഏകജാതനായ പുത്രന്റെ പ്രാർത്ഥന സ്വീകരിക്കാൻ തയ്യാറാകാത്ത പിതാവാം ദൈവത്തെ നമുക്കിവിടെ കാണുവാൻ സാധിക്കുന്നു. കാരണം മനുഷ്യരാശിയുടെ എല്ലാ പാപങ്ങളെയും നീക്കുവാൻ സ്വപുത്രനെ മനുഷ്യരുടെ കൈകളിലേക്ക് ഏല്പിക്കുവാൻ തന്നെയായിരുന്നു ഭൂമയിലേക്ക് അയച്ചത്. യൂദാ യഹൂദ്യ സൈന്യത്തിന് യേശുവിനെ കാണിച്ചുകൊടുക്കുന്നതും യേശു മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുന്നതും ദൈവീക ശക്തി വെളിപ്പെടുവാൻ മാത്രമാണ്. യൂദായെ ദൈവം അയച്ചത് തന്റെ പുത്രനെ യഹൂദ സൈന്യങ്ങളുടെ കൈകളിൽ ഏല്പിച്ചുകൊടുക്കുവാൻ വേണ്ടി മാത്രമാണ്. യൂദാ ഇങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ പന്ത്രണ്ട് ശിഷ്യന്മാരിൽ ആരെങ്കിലും ആ കർമ്മം ഏറ്റെടുക്കുമായിരുന്നു. ആരും ആ കർമ്മം ചെയ്തില്ലായിരുന്നെങ്കിൽ നമ്മുടെ പാപങ്ങൾ എങ്ങനെ മോചിക്കപ്പെടുമായിരുന്നു. എന്നാൽ യൂദാ പാപം ചെയ്യുന്നത് പശ്ചാത്താപം വർദ്ധിച്ച് സ്വന്തം പ്രാണനെ നശിപ്പിക്കുമ്പോഴാണ്. യൂദായുടെ മനസ്സിൽ ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചു തുടങ്ങുമ്പോഴാണ് സാത്താൻ അവനിൽ പ്രവേശിക്കുന്നത്. എന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണം ആദം മുതൽ യഹൂദ ജനങ്ങളുടെയും യൂദായുടെയും മനുഷ്യവർഗ്ഗത്തിന്റെ മുഴുവനുടെയും പാപങ്ങൾ മോചിപ്പിക്കുവാനത്രേ.

# പോസ്റ്റ് ഓഫീസിൽ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നു

**സമ്പാ: റിജോ റോയി, പത്തനംതിട്ട**

**എ**ല്ലാവരും പോസ്റ്റ് ഓഫീസ് സേവിംഗ് ബാങ്ക് അക്കൗണ്ട് എടുക്കുക. മിനിമം ബാലൻസ് 50 രൂപ മാത്രം മതി. അക്കൗണ്ട് തുറക്കാൻ 100 രൂപയും! ഹെഡ് പോസ്റ്റ് ഓഫീസിൽ ചെന്നാൽ 20 മിനിറ്റുകൊണ്ട് അക്കൗണ്ട് ആരംഭിക്കാം. എ.ടി.എം. കാർഡ് അപ്പോൾ തന്നെ ലഭിക്കുന്നതാണ്. 24 മണിക്കൂറിനുള്ളിൽ ആക്ടിവേഷനാകും. ഇൻഡ്യയിൽ ഏതു പോസ്റ്റ് ഓഫീസിലും തുക നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്യാം. ചെക്ക് ബുക്കും നൽകുന്നു. ഇൻഡ്യയിലെ ഏതു ബാങ്കിന്റെ കൗണ്ടറിൽ നിന്നും പോസ്റ്റ് ഓഫീസ് എ.ടി.എം. കാർഡ് ഉപയോഗിച്ച് പണം പിൻവലിക്കാം. പരമാവധി ഇരുപത്തി അയ്യായിരം രൂപ വരെ ദിവസവും പിൻവലിക്കാം. ഒരു മാസം എത്ര തവണ ഉപയോഗിച്ചാലും യാതൊരു ഫീസുകളും ചുമത്തുന്നില്ല. ഒരു സർവ്വീസ് ചാർജും ഒന്നിനും ഒരിക്കലും കൊടുക്കേണ്ട. മറ്റു ബാങ്കുകളിൽ ലഭിക്കുന്ന സൗകര്യങ്ങളായ മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, ഓൺ ലൈൻ പർച്ചേസ് തുടങ്ങിയ എല്ലാ സംവിധാനങ്ങളും പോസ്റ്റ് ഓഫീസ് സേവിംഗ് ബാങ്ക് അക്കൗണ്ടിലൂടെ സാധിക്കും. നിക്ഷേപത്തിനു പലിശയും നൽകുന്നു. മറ്റു ബാങ്കുകളേക്കാൾ കൂടുതൽ പലിശ പോസ്റ്റ് ഓഫീസ് ബാങ്ക് നൽകുന്നു. അതിനാൽ ഇത് ജനങ്ങൾ അറിഞ്ഞ് പരമാവധി ഉപയോഗപ്പെടുത്തുക. മറ്റു ബാങ്കുകളിലെ പണം പോസ്റ്റൽ അക്കൗണ്ടിലേക്ക് മാറ്റുക. കുത്തക ബാങ്കുകളുടെ വലിയ കൊള്ള അവസാനിപ്പിക്കുക. ഇത് വായിക്കുന്നവർ ജനങ്ങളെ ബോധവത്കരിക്കുക. ജനങ്ങൾ എല്ലാവരും ഈ നല്ല അവസരം മനസ്സിലാക്കി പോസ്റ്റ് ഓഫീസ് സേവിംഗ് അക്കൗണ്ട് എടുക്കുന്നതുവരെ മറ്റുള്ളവരോടും പറഞ്ഞുകൊണ്ടിരിക്കുക. മറ്റു ബാങ്കുകളിലെ എസ്.ബി. അക്കൗണ്ട് പോസ്റ്റ് ഓഫീസിലേക്ക് മാറ്റിക്കഴിഞ്ഞാൽ നമ്മുടെ പോസ്റ്റ് ഓഫീസുകൾ ഇന്നുള്ള വമ്പൻ ബാങ്കുകളുടെ നിലവാരത്തിലേക്ക് എത്തും. **ഈ തീരുമാനം വന്ന് രണ്ടു മാസം കഴിഞ്ഞിട്ടും നമ്മളിൽ പലരും ഈ സദ്വാർത്ത അറിഞ്ഞില്ലല്ലോ?** അതാണ് നമ്മുടെ നാട്ടിലുള്ള പത്രദൃശ്യമാദ്ധ്യമങ്ങൾക്ക് നമ്മോടുള്ള സ്നേഹം....

# സി.പി.എം. ന്റെ അവസാന മുഖ്യമന്ത്രി പിണറായി വിജയനോ?

**വ**ലിയ പ്രതീക്ഷയോടെയാണ് കേരളജനത എൽ.ഡി.എഫ് നെ അധികാരത്തിലേറ്റിയത്. പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ പ്രതീക്ഷകൾ കൂടി. പക്ഷേ എല്ലാ പ്രതീക്ഷകളും പാഴായി. ഒരു പ്രതീക്ഷയുമില്ലാതെ ജനം അരാജകത്വത്തിൽ അലയുന്നു. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രി കേരളത്തെ കൊണ്ടെത്തിച്ചിരിക്കുന്നതിനു പിന്നിൽ അദ്ദേഹത്തിന്റെ ഏകാധിപത്യവും ഭരണത്തെ സംബന്ധിച്ച്, അതിന്റെ ബാലപാഠം പോലും അറിയാത്തതുമാണ്. അദ്ദേഹം ചെന്നു തൊട്ടതു മുഴുവനും ഷോക്ക് അടിച്ചു. അഴിമതിക്കെതിരെ മുദ്രാവാക്യം മുഴക്കി, എല്ലാം ശരിയാക്കാമെന്നുള്ള ആഹ്വാനവും, വി.എസ്. അച്യുതാനന്ദന്റെ ആത്മാർത്ഥമായ സഹകരണവും എൽ.ഡി.എഫ് ന് മേൽക്കൈ നേടി. അച്യുതാനന്ദനെ എങ്ങനെ ഒതുക്കാം എന്നുള്ളതായിരുന്നു അടുത്ത ചിന്ത. അച്യുതാനന്ദൻ മുഖ്യമന്ത്രിയാകുമെന്ന് ജനങ്ങൾ പ്രതീക്ഷിച്ചിരുന്നുവെങ്കിലും അദ്ദേഹത്തെ വെട്ടി പിണറായി വിജയൻ മുഖ്യമന്ത്രി കസേരയിൽ എത്തി. തുടർന്നു നടന്ന ഓരോ പ്രവൃത്തികളും പരിശോധിച്ചാൽ പിണറായി വിജയന്റെ ഭരണം കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്ക് വലിയ വീഴ്ചയ്ക്ക് കാരണമായി എന്ന് അധികം വൈകാതെ പറയേണ്ടി വരും. 'എനിക്ക് ശേഷം പ്രളയം' എന്ന ചിന്തയിലാണ് മുഖ്യമന്ത്രി ഇപ്പോൾ. ഇൻഡ്യയിൽ ഒട്ടുമിക്ക സംസ്ഥാനങ്ങളിൽനിന്നും സി.പി.ഐ.(എം) അപ്രത്യക്ഷമായി കഴിഞ്ഞു. ഈ ഭരണം ഇപ്രകാരം കുറെ നാൾക്കൂടി തുടർന്നാൽ കേരളത്തിലും അതുതന്നെയായിരിക്കും ഗതി.

ബന്ധു നിയമനത്തിൽ തുടങ്ങി, സാത്താൻ കുരിശിന്റെ കാവൽക്കാരനായി മാറിയതും, എം.എം. മണിയെപ്പോലെയുള്ള മഹാ ക്രിമിനലിനെ മന്ത്രിയാക്കിയതും പിണറായി വിജയന്റെ ഏകാധിപത്യ ശൈലിയാണ്. എം.എം. മണിയെ എന്തിനു കുറ്റം പറയണം? സംസ്കാരം എന്തെന്ന് തൊട്ടുതീണ്ടിയിട്ടില്ലാത്തവനും, ക്രിമിനലും കോമാളിയുമായ ഒരുത്തനെ ചുമക്കാൻ പിണറായി വിജയൻ തീരുമാനിച്ചപ്പോൾതന്നെ മണി പിണറായി വിജയന്റെ അന്തകനാകുമെന്ന് വിവരമുള്ളവർ പറഞ്ഞിരുന്നു. **അച്യുതാനന്ദനെ പരതെറി പറഞ്ഞതാണ് എം.എം. മണിയുടെ യോഗ്യത.** ഈ യോഗ്യതയാണ് മന്ത്രിയാക്കാൻ കാരണവും. ഈ ഒരു വർഷത്തിനുള്ളിൽ സി.പി.എം.(എം.) ന് കിട്ടിയ അടികളുടെ ആഘാതം താങ്ങാൻ എൽ.ഡി.എഫ് നു ഇനിയും കരുത്തില്ല. ജനങ്ങൾ മടുത്തു. ഒരു പക്ഷേ പിണറായി വിജയൻ ആയിരിക്കും എൽ.ഡി.എഫ് ന്റെ അവസാന മുഖ്യമന്ത്രി!

**ആരോഗ്യം**

## മഞ്ഞൾ മസാലകളുടെ റാണി

**ആ**രോഗ്യ സംരക്ഷണത്തിനു മഞ്ഞൾ റാണിയാണ്. പാചകത്തിന്റെ കാര്യത്തിൽ ഒരു ആഗോള സാന്നിദ്ധ്യമാണിതിനുള്ളത്. രുചിയിലും മണത്തിലും ഗുണത്തിലും നിറത്തിലും മഞ്ഞളിന് വേറിട്ടൊരു സ്ഥാനമാണുള്ളത്. ആരോഗ്യസംരക്ഷണത്തിനു അടുക്കളയിലെ സ്ഥിരം സാന്നിദ്ധ്യമായ മഞ്ഞളിന് 'റാണി പട്ടം' ചാർത്തേണ്ടതുണ്ട്.

നിരവധി ആരോഗ്യദായകങ്ങളായ പോഷകങ്ങൾ മഞ്ഞളിൽ അടങ്ങിയിരിക്കുന്നു. പ്രോട്ടീൻ, ഡയറ്ററി ഫൈബർ, വൈറ്റമിൻ ഇ, നിയാസിൻ, വൈറ്റമിൻ സി, പൊട്ടാസ്യം, കോപ്പർ, ഇരുമ്പ്, കാൽസ്യം, മഗ്നീഷ്യം, സിങ്ക് എന്നിവയാൽ സമ്പുഷ്ടമാണ് നമ്മുടെ മഞ്ഞൾ. ഉയർന്ന പോഷകഗുണങ്ങൾ ഉണ്ട് എന്നതിനുപരി മറ്റു ധാരാളം പ്രയോജനങ്ങളും ഉണ്ട്. മുറിവ് ഉണങ്ങുന്നതിന് വളരെ ഉത്തമം. മഞ്ഞൾ സ്വാഭാവികമായി ഒരു ആന്റി ബാക്ടീരിയൽ, ആന്റി സെപ്റ്റിക് ഏജന്റായി പ്രവർത്തിക്കുന്നതിനാൽ മഞ്ഞളിനെ ഒരു അണുനാശിനിയായി ഉപയോഗിക്കാവുന്നതാണ്. ചെറിയ മുറിവുകളും പൊള്ളലും ഭേദമാക്കുന്നതിന് മഞ്ഞൾ പൊടിച്ചു വിതറുന്നത് സഹായിക്കും. ചർമ്മത്തിന്റെ കേടുപാടുകൾ പരിഹരിക്കുന്നതിനും വേഗം സുഖപ്പെടുന്നതിനും മഞ്ഞൾ സഹായിക്കും. അതേപോലെ ചർമ്മത്തിൽ ഉണ്ടാകുന്ന ഇൻഫ്ളമേഷൻ പരിഹരിക്കുന്നതിനും മഞ്ഞൾ പ്രയോജനപ്പെടും. കൂടാതെ പ്രതിരോധശേഷി മെച്ചപ്പെടുത്തുവാൻ മഞ്ഞൾ ഒന്നാംതരം തന്നെ.

പ്രമേഹരോഗികൾക്കും മഞ്ഞൾ അത്യുത്തമം. രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിനും പ്രമേഹ മരുന്നുകളുടെ ഫലസിദ്ധി വർദ്ധിപ്പിക്കുന്നതിനും മഞ്ഞൾ ഫലപ്രദമാണ്. സന്ധിവാതം അഥവാ ആർത്രൈറ്റിസ്, ആമവാതം തുടങ്ങിയ രോഗങ്ങൾക്കും മഞ്ഞൾ ഫലപ്രദം. മഞ്ഞൾ ക്യാൻസറിനെതിരെയും പ്രവർത്തിക്കുന്നു. മഞ്ഞളിന് പ്രോസ്റ്റേറ്റ് ക്യാൻസറിനെ പ്രതിരോധിക്കുന്നതിനും പ്രോസ്റ്റേറ്റ് ക്യാൻസർ കോശങ്ങളുടെ വളർച്ച ഇല്ലാതാക്കുന്നതിനും ഉള്ള കഴിവുണ്ട്. ട്യൂമർ കോശങ്ങൾ ഇരട്ടിക്കാതെ തടയുന്നതിനും മഞ്ഞൾ സഹായിക്കുന്നു.

**ഉപകാരസ്മരണ**



**രാമചന്ദ്രൻനായർ**
**തോട്ടുപുറത്തുവടക്കേതിൽ**
**അമയന്നൂർ**

*Printed, Published and owned by* Fr. Dr. C. G. Mathews, St. Jude Dayara, St. Jude Jn., Amayannoor. *Published from* St. Jude Dayara, Amayannoor P. O., Kottayam, *686019 and Printed at* Sonia Offset Printers. Ayarkunnam, Kottayam, *686564. Editor:-* Fr. Dr. C. G. Mathews